പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 242

30.11.2015 ൽ മറുപടി നൽകേണ്ടത്

# ആർ.എസ്.എസ് നേതാവിന്റെ വിരുന്നു സൽക്കാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബാബു. എം. പാലിശ്ശേരി | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) | തൃശ്ശൂർ ജില്ലയിലെ മണലൂരിൽ ആർ.എസ്.എസ് നേതാവിന്റെ വിരുന്നു സൽക്കാരത്തിൽ ഒരു എ.ഡി.ജി.പി പങ്കെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; | എ) | മണലൂരിൽ കാർഗിൽ രക്തസാക്ഷികളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്ത ശേഷം സംഘാടകർ സമീപത്തുള്ള ഒരു വീട്ടിൽ ചായ കുടിക്കാൻ ക്ഷണിച്ചത് പ്രകാരം എ.ഡി.ജി.പി. ഋഷിരാജ് സിംഗ് വിജീഷ് എന്നയാളുടെ വീട് സന്ദർശിക്കുകയുണ്ടായി. വിജീഷിന്റെ പശ്ചാത്തലത്തെക്കുറിച്ച് ആ സമയത്ത് എ.ഡി.ജി.പി-യ്ക്ക് അറിവുണ്ടായിരുന്നില്ല. |
| ബി) | മുന്നറിയിപ്പുകൾ അവഗണിച്ച് പ്രസ്തുത വിരുന്ന് സൽക്കാരത്തിൽ പങ്കെടുത്തതിന് എ.ഡി.ജി.പിയുടെ പേരിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എ.ഡി.ജി.പിയുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) | ചടങ്ങിന് ശേഷം പെട്ടന്നുണ്ടായ കാര്യമായതിനാൽ മുന്നറിയിപ്പിന്റെ അവസരം ഉണ്ടായിട്ടില്ല. |
| സി) | പ്രസ്തുത വിരുന്ന് സൽക്കാരം സംബന്ധിച്ച് വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | പ്രസ്തുത നേതാവ് ഏതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ? | ഡി) | വിജീഷ് ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നം. 58/11, ക്രൈം 1246/11 എന്നീ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ